(സി) സംസ്ഥാനത്ത് നാളിതുവരെ വിവിധ ജില്ലകളിലായി 28 ചെക്ക് ഡാമുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 9-ചെക്ക് ഡാമുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഇ) സംസ്ഥാന ബഡ്ജറ്റിൽ മതിയായ തുക ലഭ്യമല്ലാത്തതിനാൽ ഈ പദ്ധതിക്ക് നബാർഡിൽനിന്നും സാമ്പത്തിക സഹായം നേടാറുണ്ട്. എന്നാൽ കേന്ദ്രസഹായമോ വിദേശ സഹായമോ ലഭ്യമാക്കിയിട്ടില്ല.

(എഫ്) ചെക്ക് ഡാമുകളുടെ പണി വളരെ ശാസ്ത്രീയമായി പഠിച്ചു നടപ്പിലാക്കേണ്ടവയാണ്. ആയതിനാൽ പദ്ധതിയുടെ വിശദമായ പഠനത്തിനു ശേഷം തയ്യാറാക്കുന്ന രൂപരേഖയുടെയും വിശദമായ ഡിസൈനുകൾക്കും ശേഷം സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾക്കു വിധേയമായി ജനകീയ പങ്കാളിത്തത്തോടെ ചെക്ക് ഡാം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

56 (1162) കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾക്ക് 1998-99 വർഷത്തിൽ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര;

(സി) ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്ത് തുക ചെലവഴിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 8.06 കോടി രൂപ.

(സി) ഉണ്ട്.

(ഡി) ഉദിക്കുന്നില്ല.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly